**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4814** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണത്തിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ? | (എ) | ഗുരുവായൂർ - തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണത്തിനായി 2021-2022 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിരുന്നു. പ്രസ്തുത അടിപ്പാത നിർമ്മിക്കേണ്ട ഭാഗം ഗുരുവായൂർ മുനിസിപ്പാലിറ്റി റോഡിലാണ്.<br><br>ഈ പ്രവൃത്തിയ്ക്കായി ദക്ഷിണ റെയിൽവേ, പ്ലാനിംഗ് & ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ, എസ്റ്റിമേറ്റ് തയ്യാറാക്കിയതായി ഗുരുവായൂർ നഗരസഭ അറിയിച്ചിരുന്നതിനാൽ ഈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ അനുവദിക്കേണ്ടതായ തുകയുടെ വിശദാംശവും ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച് റെയിൽ ദക്ഷിണമേഖല - നോർത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ അഭിപ്രായവും ആരാഞ്ഞിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ